**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1549** | **06/03/2017-ൽ മറുപടിയ്ക്ക്**

# ഹോർട്ടികോർപ്പിന്റെ ഹരിതസ്റ്റാളുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന ഹരിത സ്റ്റാളുകളിലൂടെ പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പഴങ്ങളും പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും വിൽക്കുന്നത്; വിലവിവരമുൾപ്പെടെയുള്ള വിശദാംശം നൽകുമോ ; | എ) പൊതു വിപണിയെക്കാൾ വില കുറച്ചാണ് ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ഹരിതാ സ്റ്റാളുകളിലൂടെ പഴങ്ങളും പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നത്. 01/03/2017-ലെ മാർക്കറ്റ് വിലയും ഹോർട്ടികോർപ്പ് വിലയും തമ്മിലുള്ള താരതമ്യ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| ബി) ഈ സ്ഥാപനങ്ങളിലേക്ക് പ്രധാനമായും എവിടെ നിന്നാണ് പഴങ്ങളും പച്ചക്കറികളും മറ്റും വാങ്ങുന്നത്; സംസ്ഥാനത്തെ കർഷകരിൽ നിന്നും വാങ്ങുന്നവ മാത്രമാണോ വിൽക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;<br>സി) ഇല്ലെങ്കിൽ മറ്റ് എവിടെയെല്ലാം നിന്നാണ് വാങ്ങുന്നതെന്നും ഇതിന് ഇടനിലക്കാരുണ്ടോയെന്നുമുള്ള പൂർണ്ണ വിശദാംശം ലഭ്യമാക്കുമോ ; | ബി) & സി) കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, സംഘമൈത്രി, കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് പ്രധാനമായും പഴം പച്ചക്കറികളും ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നത്. നിലവിൽ 45 ഇനം പച്ചക്കറികളാണ് ഹോർട്ടികോർപ്പ് ഹരിതാസ്റ്റാളുകളിലൂടെ വിപണനം നടത്തുന്നത്. എന്നാൽ കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലുള്ള കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിച്ചു വിപണനം നടത്തിവരുന്നു. ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് കൃഷിക്കാരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുക എന്നതാണ് സർക്കാരിന്റെ നയം. എന്നാൽ കേരളത്തിൽ ആവശ്യത്തിനു ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്നതിനായി സുതാര്യമായ സംവിധാനം സർക്കാർ ഏർപ്പെടുത്തുന്നതാണ്. |

(contd.............2/-)

| | |
|---|---|
| ഡി) പഴങ്ങളുടെയും പച്ചക്കറികളുടെയും വില ക്രമാതീതമായി വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വില വർദ്ധനവ് പിടിച്ചുനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ? | ഡി) പൊതു വിപണിയിലെ വിലയെക്കാൾ പരമാവധി വിലകുറച്ചാണ് പഴം പച്ചക്കറികൾ ഹോർട്ടികോർപ്പ് വിപണനം നടത്തുന്നത്. വില വർദ്ധിക്കുന്ന സാഹചര്യത്തിൽ നിത്യോപയോഗ പച്ചക്കറികൾക്ക് സബ്സിഡി നൽകുന്ന വിവരം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ - കൃഷി വകുപ്പ് - ഹോർട്ടികോർപ്പ്
01.03.2017

| ക്രമ നമ്പർ | ഇനങ്ങൾ | കമ്പോള വില | ഹോർട്ടി കോർപ്പ് വില | ക്രമ നമ്പർ | ഇനങ്ങൾ | കമ്പോള വില | ഹോർട്ടി കോർപ്പ് വില |
|---|---|---|---|---|---|---|---|
| 1 | അമര | 45.00 | 43.00 | 26 | വലിയ ചേമ്പ് | 75.00 | 70.00 |
| 2 | കത്തിരി | 38.00 | 34.00 | 27 | സവാള (പൂന) | 22.00 | 20.00 |
| 3 | വഴുതന | 35.00 | 28.00 | 28 | ചെറിയഉള്ളി | 55.00 | 46.00 |
| 4 | വെണ്ട | 60.00 | 53.00 | 29 | ഉരുളൻകിഴങ്ങ് | 32.00 | 28.00 |
| 5 | പാവയ്ക്ക | 65.00 | 44.00 | 30 | മല്ലിയില | 47.00 | 45.00 |
| 6 | പയർ | 80.00 | 60.00 | 31 | കറിവേപ്പില | 45.00 | 42.00 |
| 7 | തടിയൻ | 33.00 | 30.00 | 32 | ഏത്തൻകായ് | 42.00 | 40.00 |
| 8 | മത്തൻ | 24.00 | 22.00 | 33 | ഏത്തൻപഴം | 45.00 | 42.00 |
| 9 | ചെറിയമുളക് | 47.00 | 46.00 | 34 | രസകദളി | 65.00 | 55.00 |
| 10 | വലിയമുളക് | 65.00 | 60.00 | 35 | പാളയൻതോടൻ | 30.00 | 28.00 |
| 11 | പടവലം | 45.00 | 40.00 | 36 | കപ്പപഴം | 58.00 | 55.00 |
| 12 | ചീര | 28.00 | 26.00 | 37 | റോബസ്റ്റ | 32.00 | 28.00 |
| 13 | കാരറ്റ് | 30.00 | 27.00 | 38 | പൂവൻപഴം | 50.00 | 40.00 |
| 14 | പേയൻകായ് | 40.00 | 38.00 | 39 | കോവയ്ക്ക | 35.00 | 32.00 |
| 15 | മാങ്ങ | 33.00 | 28.00 | 40 | സലാഡ് വെള്ളരി | 40.00 | 38.00 |
| 16 | ബീൻസ് | 70.00 | 65.00 | 41 | നെല്ലിക്ക | 37.00 | 35.00 |
| 17 | വെള്ളരി | 45.00 | 42.00 | 42 | ചേന | 52.00 | 48.00 |
| 18 | തക്കാളി | 44.00 | 42.00 | 43 | തേങ്ങ (kg) | 44.00 | 40.00 |
| 19 | കാബേജ് | 23.00 | 22.00 | 44 | ക്യാപ്സിക്കം | 50.00 | 45.00 |
| 20 | ഫ്ളവർ | 45.00 | 42.00 | 45 | മരച്ചീനി | 30.00 | 23.00 |
| 21 | വലിയനാരങ്ങ | 75.00 | 70.00 | 46 | ഇഞ്ചി | 55.00 | 48.00 |
| 22 | ചെറിയനാരങ്ങ ( | 65.00 | 63.00 | 47 | ചുരയ്ക്ക | 25.00 | 20.00 |
| 23 | മുരിങ്ങയ്ക്ക | 23.00 | 20.00 | 48 | കൈതച്ചക്ക | 47.00 | 44.00 |
| 24 | ബീറ്റ്റൂട്ട് | 32.00 | 28.00 | 49 | | | |
| 25 | ചെറിയ ചേമ്പ് | 32.00 | 30.00 | 50 | | | |

സെക്ഷൻ ഓഫീസർ